(സി) വിഴിഞ്ഞം (തിരുവനന്തപുരം), കൊച്ചി, ബേപ്പൂർ (കോഴിക്കോട്) തുടങ്ങിയ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സർവ്വീസാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സർക്കാരിന്റെ പൊതുമേഖലാസ്ഥാപനമായ കെഎസ്ഐ.എൻ.സി-യുടെ ചുമതലയിലാണ് പ്രസ്തുത കപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) പ്രസ്തുത സർവ്വീസ് മൺസൂൺ കഴിഞ്ഞുള്ള സീസണിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(എഫ്) ആരംഭഘട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമുള്ള യാത്രാക്കപ്പൽ വാടകയ്ക്ക് ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. യാത്രാനിരക്കിനെ സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ജി) യാത്രക്കാർക്ക് ഓരോ തുറമുഖങ്ങളിലും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വകാര്യ ട്രാവൽ ഏജൻസിയുടെ സേവനം ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ തുറമുഖങ്ങളിലും വേണ്ട ജെട്ടി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തുറമുഖ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അംഗവൈകല്യമുള്ളവർക്കായി പുനരധിവാസ ചികിത്സ

22 (*22) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവർക്കായി പുനരധിവാസ ചികിത്സ ലക്ഷ്യമാക്കി ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവരെ കണ്ടെത്തുന്നതിനും ചലനസഹായികളും മറ്റ് ഉപകരണങ്ങളും അവർക്ക് നൽകുന്നതിനും ആരോഗ്യവകുപ്പ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചു എന്നും അംഗവൈകല്യമുള്ള എത്രപേർക്ക് ഉപകരണങ്ങൾ നൽകി എന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവർക്കായുള്ള പുനഃരധിവാസ ചികിത്സാ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര നോഡൽ ഏജൻസി എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ;

(ഇ) എങ്കിൽ സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്. കൊല്ലം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ കൃത്രിമ അവയവ നിർമ്മാണ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെനിന്നും സൗജന്യമായി ഉപകരണങ്ങൾ പാവപ്പെട്ടവർക്ക് നൽകുന്നുണ്ട്.

(ബി&സി) ഉണ്ട്. വെൽഫയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടോർ ഡിസേബിൾഡ് സൊസൈറ്റിയുടെ എല്ലാ ജില്ലാ ബ്രാഞ്ചുകൾ മുഖേനയും ഒല്ലൂർ, കുർക്കഞ്ചേരി, പട്ടിക്കാട്, ഗുരുവായൂർ, വടക്കൻചേരി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും 750 പേർക്ക് ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സർവ്വേ നടത്തുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനും കൃത്രിമ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും വേണ്ടി ബോംബേ റീഹാബിലിറ്റേഷൻ സെന്ററിൽ നിന്നും ധനസഹായം നൽകിവരുന്നു.

എയ്ഡ്സ് രോഗ പ്രതിരോധത്തിനായി പുതിയ പദ്ധതി

23 (*23) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെയും ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ പ്രവർത്തനങ്ങളെയും സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരെ കണ്ടെത്തിയിട്ടുള്ളത് ഏത് വർഷമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ രോഗ ബാധിതർ എത്ര ;

(ഇ) സംസ്ഥാനത്തിനു പുറത്തുനിന്നും വരുന്നവരിലാണ് എയ്ഡ്സ് രോഗം സാധാരണയായി കണ്ടുവരുന്നത് എന്നത് പഠനത്തിൽ വ്യക്തമായിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തിനു പുറത്തുനിന്നും വരുന്നവരെ പ്രത്യേക പരിശോധനകൾക്ക് വിധേയരാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly